**കേരള സർക്കാർ, ഫിഷറീസ് വകുപ്പ്**
**സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ ( സാഫ് )**

# മത്സ്യത്തൊഴിലാളി വനിതകൾക്കായി ഷീ സ്കൂട്ടർ (Electric) പദ്ധതിയിലേക്ക് ഗുണഭോക്താക്കളുടെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും

സാഫ് മുഖേന 2026-27 സാമ്പത്തിക വർഷത്തിൽ **ഷീ സ്കൂട്ടർ (Electric)** പദ്ധതി നടപ്പിലാക്കുന്നു. 5 വർഷമായി നല്ല രീതിയിൽ പ്രവർത്തിക്കുന്ന സാഫ് യൂണിറ്റുകളെയും മത്സ്യ കച്ചവടം നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകളെയുമാണ് ഈ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്നത്. **ഷീ സ്കൂട്ടർ (Electric)** പദ്ധതിയ്ക്കായി പരമാവധി ഒരു ലക്ഷം രൂപ വരെ ഗ്രാൻറായി നൽകുന്നുവെന്നതാണ് ഈ പദ്ധതിയുടെ സവിശേഷത. പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. അപേക്ഷകർ ഫിഷർമെൻ ഫാമിലി രജിസ്റ്ററിൽ (FFR) ഉൾപ്പെട്ട മൽസ്യതൊഴിലാളി കുടുംബങ്ങളിലെ വനിതകൾ ആയിരിക്കണം.
2. അപേക്ഷകർ കേരളത്തിലെ ഏതെങ്കിലും മൽസ്യഗ്രാമത്തിൽ സ്ഥിരതാമസക്കാരായിരിക്കണം.
3. അപേക്ഷകർ പത്താംക്ലാസ്സ് വരെയെങ്കിലും വിദ്യാഭ്യാസം നേടിയവരാകണം. ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ള അപേക്ഷകർക്ക് മുൻഗണന ലഭിക്കുന്നതാണ്.
4. ഈ പദ്ധതിയുടെ ആവശ്യത്തിലേക്കായി ഒരു ഗുണഭോക്താവിന് ഒരു ലക്ഷം രൂപയായിരിക്കും ധനസഹായമായി അനുവദിക്കുന്നത്. ബാക്കി തുക ഗുണഭോക്താവിൻറെ വിഹിതമായി സംരംഭകർ കണ്ടെത്തണം.

## സാഫ് ആക്ടിവിറ്റി ഗ്രൂപ്പ് അംഗങ്ങൾ

1. സാഫ് ആക്ടിവിറ്റി ഗ്രൂപ്പ് സാരംഭകയായി അഞ്ചുവർഷമായി നല്ലനിലയിൽ പ്രവർത്തനം നടത്തുന്നവരായിരിക്കണം.
2. ഗ്രൂപ്പിൽ കുറഞ്ഞത് 2 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം.
3. ടു വീലർ ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരായിരിക്കണം.
4. പരമാവധി പ്രായം 50 വയസ്സ് .
5. സജീവ മത്സ്യത്തൊഴിലാളിയുടെ ഭാര്യ/ മകൾ (ഗുണഭോക്താവ് അവിവാഹിതയെങ്കിൽ)/ അനുബന്ധ തൊഴിലാളി.
6. ഗുണഭോക്തൃവിഹിതം ഗ്രൂപ്പ് ഒടുക്കുവാൻ തയ്യാറായിരിക്കണം.
7. ടു വീലർ സ്വന്തമായി ഇല്ലാത്തവർ ആയിരിക്കണം.
8. ഗ്രൂപ്പിന് വേണ്ടി വാഹനം ഏറ്റെടുക്കുന്ന ഗ്രൂപ്പംഗ ആണാണെന്നു വ്യക്തമാക്കണം.

## പുതിയ ഗുണഭോകതാക്കൾ

1. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യകച്ചവടം നടത്തുന്നവരായിരിക്കണം അപേക്ഷക.
2. രണ്ട് വർഷമായി മത്സ്യകച്ചവടം നടത്തുന്നയാൾ ആയിരിക്കണം.
3. ടു വീലർ ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരായിരിക്കണം.
4. പരമാവധി പ്രായം 45 വയസ്സ് .
5. ഗുണഭോക്തൃവിഹിതം ഒടുക്കുവാൻ തയ്യാറായിരിക്കണം.
6. ടു വീലർ സ്വന്തമായി ഇല്ലാത്തവർ ആയിരിക്കണം.
7. നിലവിൽ നടത്തുന്ന സംരംഭത്തെക്കുറിച്ചുള്ള ഒരു ലഘു വിവരണം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. മത്സ്യക്കച്ചവടം സ്ഥലം, നിലവിൽ കച്ചവടം നടത്തുന്ന രീതി തൊഴിലിൽ നിന്ന് പ്രതിമാസംലഭിക്കുന്ന വരുമാനം തുടങ്ങിയ കാര്യങ്ങളെല്ലാം ഉൾപ്പെടുന്നതായിരിക്കണം പദ്ധതിയെക്കുറിച്ചുളള വിവരണം.
8. ഈ പദ്ധതിയ്ക്കായി ഫിഷറീസ് വകുപ്പ് / സാഫ് പദ്ധതികളിൽ നിന്നും ഇതുവരെ ധനസഹായം സ്വീകരിക്കാത്ത കുടുംബങ്ങളിൽ നിന്നുള്ളവരാകണം അപേക്ഷകർ.